(എ) കർഷകർ വിളകൾക്ക് കീടനാശിനി ഉപയോഗിക്കുമ്പോൾ അവ ശരിയായ അളവിൽ മാത്രം ഉപയോഗിക്കുന്നതിനുവേണ്ട ഉപദേശം നൽകുന്നതിന് കൃഷിവകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനം നടക്കുന്നുണ്ട്;

(ബി) ഭക്ഷ്യവസ്തുക്കൾ കൃഷിചെയ്യുന്ന എല്ലാ കർഷകർക്കും ഇത് സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിന് നടപടി എടുക്കുമോ?

ഉത്തരം

(എ, ബി) കൃഷിഭവനുകളിലെ ഉദ്യോഗസ്ഥർ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുകയും കർഷകരുടെ യോഗങ്ങൾ കാലാകാലങ്ങളിൽ വിളിച്ചുകൂട്ടി സസ്യ സംരക്ഷണ മുറകൾ ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തികളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുന്നു. മാങ്കൊമ്പ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കീടനിരീക്ഷണ കേന്ദ്രം പാടങ്ങളിൽ നിരന്തര സർവ്വെ നടത്തി കർഷകർക്ക് ഉപദേശവും കീടസാദ്ധ്യതയെക്കുറിച്ചുള്ള മുന്നറിയിപ്പും സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് പ്രായോഗിക പരിശീലനവും നൽകിവരുന്നു. കൃഷിഭവൻ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട കർഷകരെ ഉൾപ്പെടുത്തി ഒരു വിളക്കാലം മുഴുവൻ നീണ്ടുനിൽക്കുന്ന കർഷക കൃഷിസ്ഥല പാഠശാല നടത്തിവരുന്നു. സംയോജിത കീട നിയന്ത്രണ പ്രദർശന പാഠങ്ങളും കർഷകരുടെ പാടങ്ങളിൽ കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

"കുരുമുളക് കൃഷി പുനരുദ്ധാരണ പദ്ധതി"

55 [4805] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കുരുമുളക് കൃഷി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇപ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി പുനരുദ്ധാരണം നടത്തിയിട്ടുണ്ട്;

(സി) പദ്ധതിയിൽ ഉൾപ്പെടുത്തി വേരു പിടിപ്പിച്ച എത്ര കുരുമുളക് വള്ളികളാണ് ജില്ലയിൽ വിതരണം ചെയ്തത്; ഇതിനായി എത്ര തുക ചെലവായി;

(ഡി) ഇതിനായി വിതരണം ചെയ്ത വള്ളികൾ കൃഷിക്ക് ഉപയുക്തമായിരുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ വിതരണം ചെയ്യാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) കൃഷിക്കാർക്ക് ഗുണനിലവാരമുള്ള വള്ളികൾ വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ 2002-03-ലെ കുരുമുളക് കൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം 1,000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നതിൽ 1,000 ഹെക്ടറിലും പദ്ധതി നടപ്പിലാക്കുകയും 40 ലക്ഷം രൂപ ഇതിലേക്കായി ചെലവഴിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള കുരുമുളക് തോട്ടങ്ങളിൽ അത്യുൽപ്പാദനശേഷിയുള്ള അനുയോജ്യമായ ഇനങ്ങൾ പുതുതായി വച്ചു പിടിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു. നടീൽ വസ്തുക്കൾ, കുമ്മായം, ജൈവവളങ്ങൾ, ജൈവകീട രോഗ നിയന്ത്രണം, സസ്യ സംരക്ഷണോപാധികൾ എന്നിവയ്ക്കായി ഹെക്ടറിന് 4,000 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ 1,500 രൂപ (കുരുമുളക് വള്ളിയൊന്നിന് 1.50 രൂപ നിരക്കിൽ 1,000 വള്ളികൾക്ക്) കുരുമുളക് വള്ളിയുടെ വിലയായും 2,500 രൂപ കുമ്മായം, ജൈവ വളങ്ങൾ, ജൈവ നിയന്ത്രണം, സസ്യ സംരക്ഷണ മരുന്നുകൾ എന്നിവയ്ക്കായും നൽകുന്നു. 2003-04-ലെ കുരുമുളക് പുനരുദ്ധാരണ പദ്ധതിയനുസരിച്ച് 1,150 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാനും ഇതിലേക്കായി 46 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2002-03-ലെ പദ്ധതിപ്രകാരം സംസ്ഥാനമൊട്ടാകെ 2,915 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. അതിൽ 1,000 ഹെക്ടർ ഇടുക്കി ജില്ലയിലാണ്.

(സി) പദ്ധതിയിൽ ഉൾപ്പെടുത്തി വേരു പിടിപ്പിച്ച 22.20 ലക്ഷം കുരുമുളകു വള്ളികളാണ് ജില്ലയിൽ വിതരണം ചെയ്തത്. ഇതിനായി 33.30 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(ഡി) കുരുമുളക് കൃഷിക്ക് ഉപയുക്തമല്ലാത്ത വള്ളികൾ കൃഷിവകുപ്പ് മുഖേന വിതരണം ചെയ്തതായി നാളിതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കൃഷിവകുപ്പിന്റെ ഫാമുകളിൽ കർശനമായ ഗുണനിയന്ത്രണങ്ങൾ പാലിച്ച് ഉൽപ്പാദിപ്പിക്കുന്ന വള്ളികളാണ് കൃഷി ഭവനുകൾ മുഖാന്തിരം വിതരണം നടത്തുന്നത്. മേലിലും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിൽ ശ്രദ്ധിക്കുന്നതാണ്.

"കൃഷി അസിസ്റ്റന്റുമാരെ നിയമിക്കാൻ നടപടി"

56 [4809] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റ് തസ്തികയിൽ എത്ര പേർ താൽക്കാലികമായി ജോലി ചെയ്യുന്നു എന്നറിയിക്കാമോ;

(ബി) അവരെ പിരിച്ചുവിട്ട് പി.എസ്.സി.-യുടെ ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ, ബി) കൃഷി അസിസ്റ്റന്റ് തസ്തികയിൽ ആരുംതന്നെ താൽക്കാലികമായി ജോലി നോക്കുന്നില്ല.

കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനം

57 [4815] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly